# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | **പ്രധാനവാർത്തകൾ** | **DATE:20-09-2024**

1) പി.എം. വിശ്വകർമ പദ്ധതി പ്രയോജനപ്പെടുത്തി വ്യാപാര രംഗത്തേക്ക് കടന്നുവരാൻ കരകൗശല വിദഗ്ധരോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി

2) പ്രധാനമന്ത്രിയുടെ യുഎസ് സന്ദർശനത്തിന് നാളെ തുടക്കം.

3) കേന്ദ്രം തയ്യാറാക്കിയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ തുടർച്ചയായ രണ്ടാം വർഷവും ഒന്നാം സ്ഥാനം നേടി കേരളം.

4) പ്രശസ്ത അഭിനേത്രി കവിയൂർ പൊന്നമ്മ അന്തരിച്ചു. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കേയാണ് അന്ത്യം.

5) ബംഗ്ലാദേശിനെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൻറെ രണ്ടാം ദിനത്തിൽ 308 റൺസിൻറെ ലീഡുമായി ഇന്ത്യ.

&&&&&&&&&&&&&&&&&&

**പി.എം. വിശ്വകർമ**

RNU TVPM

പി.എം വിശ്വകർമ പദ്ധതി പ്രയോജനപ്പെടുത്തി വ്യാപാര രംഗത്തേക്ക് കടന്നുവരാൻ കരകൗശല വിദഗ്ധരോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. പിഎം വിശ്വകർമ്മ പദ്ധതിയുടെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി മഹാരാഷ്ട്രയിലെ വർധയിൽ സംഘടിപ്പിച്ച പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പരമ്പരാഗത മേഖലയിൽ തൊഴിൽ ചെയ്യുന്ന 6.5 ലക്ഷം ഗുണഭോക്താക്കൾക്ക് പദ്ധതിയിലൂടെ ആധുനിക ഉപകരണങ്ങൾ വിതരണം ചെയ്തതായും പ്രധാനമന്ത്രി പറഞ്ഞു. 1,400 കോടി രൂപയുടെ വായ്പയും കഴിഞ്ഞ ഒരു വർഷത്തിനിടെ പി.എം വിശ്വകർമ പദ്ധതിയിലൂടെ വിതരണം ചെയ്തതായും അദ്ദേഹം അറിയിച്ചു.

(ഹോൾഡ്)

സംസ്ഥാനത്ത് നടന്ന ആഘോഷപരിപാടികളിൽ കേന്ദ്രസഹമന്ത്രിമാരായ ജോർജ് കുര്യൻ, സുരേഷ് ഗോപി എന്നിവർ പങ്കെടുത്തു. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പുറമേ, പ്രധാനമന്ത്രി നരേന്ദ്ര മോദി തൊഴിൽ സൃഷ്ടിക്കുന്ന അടിസ്ഥാനവർഗ മനുഷ്യനെയും സൃഷ്ടിക്കുന്നതായി ശ്രീ സുരേഷ് ഗോപി കോഴിക്കോട് ഗോവിന്ദ പുരത്ത് നടന്ന പരിപാടിയിൽ പറഞ്ഞു. അഞ്ച് വർഷം കൊണ്ട് 13000 കോടി രൂപയാണ് പി എം വിശ്വകർമ്മ പദ്ധതിക്കായി മാറ്റി

RNU TVPM

വയ്ച്ചിരിക്കുന്നതെന്നും, ഈ തുക ബോധപൂർവം ഉപയോഗിക്കുക എന്നതാണ് ജനങ്ങളുടെ കടമയെന്നും ശ്രീ ജോർജ് കുര്യൻ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

**പ്രധാനമന്ത്രി -അമേരിക്ക**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ അമേരിക്കൻ സന്ദർശനത്തിന് നാളെ തുടക്കമാകും. വിൽമിങ്ടണിൽ നാളെ നടക്കുന്ന ക്വാഡ് നേതൃതല ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. ലോക നേതാക്കളുമായുള്ള ഉഭയകക്ഷി ചർച്ചകളും ഇതിൻറെ ഭാഗമായി നടത്തും. തുടർന്ന് ന്യൂയോർക്കിലെത്തുന്ന പ്രധാനമന്ത്രി അമേരിക്കയിലെ ഇന്ത്യൻ സമൂഹവുമായി സംവദിക്കും. 23 ന് ഐക്യരാഷ്ട്ര പൊതുസഭയിൽ നടക്കുന്ന ഉച്ചകോടിയേയും അദ്ദേഹം അഭിസംബോധന ചെയ്യും.

RNUTVPM

&&&&&&&&&&&&&&&&&&

**ഭക്ഷ്യ സുരക്ഷാ സൂചിക**

കേന്ദ്രം തയ്യാറാക്കിയ ആറാമത് ഭക്ഷ്യ സുരക്ഷാ സൂചികയിൽ തുടർച്ചയായ രണ്ടാം വർഷവും ഒന്നാം സ്ഥാനം നേടി കേരളം. കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡയാണ് ഭക്ഷ്യ സുരക്ഷാ സൂചിക പുറത്തിറക്കിയത്. തമിഴ്നാട് രണ്ടാം സ്ഥാനത്തും ജമ്മു

കശ്മീർ മൂന്നാം സ്ഥാനത്തുമാണ്. 40-ഓളം മേഖലകളിലെ പ്രവർത്തന മികവാണ് കേരളത്തെ ഒന്നാം സ്ഥാനത്തെത്തിച്ചത്. നേട്ടം കൈവരിക്കാൻ പ്രയത്നിച്ച ഭക്ഷ്യസുരക്ഷാ വകുപ്പിലെ ജീവനക്കാരെ മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&

**കവിയൂർ പൊന്നമ്മ അന്തരിച്ചു**

പ്രശസ്ത ചലച്ചിത്ര താരം കവിയൂർ പൊന്നമ്മ അന്തരിച്ചു. വാർധക്യ സഹജമായ അസുഖത്തെ തുടർന്ന് കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കെയാണ് അന്ത്യം. 79 വയസായിരുന്നു. അമ്മ വേഷങ്ങളിലൂടെ മലയാള സിനിമയിൽ നിറഞ്ഞു നിന്ന കവിയൂർ പൊന്നമ്മ ആയിരത്തിലധികം ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. മികച്ച സഹനടിക്കുള്ള സംസ്ഥാന പുരസ്കാരം നാല് തവണ നേടിയിരുന്നു. നാടകരംഗത്തുനിന്നും സിനിമയിലേക്കെത്തിയ കവിയൂർ പൊന്നമ്മ ശ്രീരാമപട്ടാഭിഷേകം എന്ന ചിത്രത്തിലാണ് ആദ്യം അഭിനയിച്ചത്. കുടുംബിനി, തൊമ്മന്റെ മക്കൾ, നിർമാല്യം, തിങ്കളാഴ്ച നല്ല ദിവസം, കിരീടം, ഹിസ് ഹൈനസ് അബ്ദുള്ള, നഖക്ഷതങ്ങൾ തുടങ്ങിയ ചിത്രങ്ങളിലെ വേഷങ്ങളും ശ്രദ്ധേയമായിരുന്നു. ആറ് പതിറ്റാണ്ടുകളായി മലയാള സിനിമയിൽ നിറഞ്ഞു നിന്ന കവിയൂർ

RNU TVPM

പൊന്നമ്മയുടെ വേർപാട്, ചലച്ചിത്ര ലോകത്തിന് നികത്താനാവാത്ത നഷ്ടമാണ് സൃഷ്ടിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&&&

**എ.കെ. ശശീന്ദ്രൻ**

സംസ്ഥാന മന്ത്രിസഭയിലെ എൻ.സി.പി മന്ത്രിസ്ഥാനം സംബന്ധിച്ച് എ.കെ. ശശീന്ദ്രൻ, തോമസ്. കെ. തോമസ്, പി.സി. ചാക്കോ എന്നീ നേതാക്കൾ എൻസിപി ദേശീയ അധ്യക്ഷൻ ശരദ് പവാറുമായി ചർച്ച നടത്തി.

എ.കെ. ശശീന്ദ്രൻ മന്ത്രിസ്ഥാനം ഒഴിഞ്ഞേക്കുമെന്നാണ് റിപ്പോർട്ടുകൾ. കുട്ടനാട് എം.എൽ.എ. തോമസ് കെ. തോമസിനെ മന്ത്രിസ്ഥാനത്തേക്ക് പരിഗണിക്കുമെന്നാണ് വിവരം. ഇത് സംബന്ധിച്ച പ്രഖ്യാപനം ഒരാഴ്ചയ്ക്കകം ഉണ്ടായേക്കുമെന്നാണ് സൂചനകൾ.

RJUT/PM

&&&&&&&&&&&&&&&&&&

**കേന്ദ്ര മന്ത്രി ജെ.പി.നഡ്ഡ.**

ഉത്തരവാദിത്തത്തിൻ്റെയും പ്രവർത്തനത്തിൻ്റെയും രാഷ്ട്രീയമാണ് എൻഡിഎ സർക്കാർ രാജ്യത്ത് കൊണ്ടുവന്നതെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി.നഡ്ഡ. മൂന്നാം മോദി സർക്കാർ നൂറു ദിനം പിന്നിടുമ്പോൾ ആരോഗ്യമന്ത്രാലയം നടപ്പിലാക്കിയ

പ്രവർത്തനങ്ങളെ കുറിച്ച് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് വിശദീകരിക്കുകയായിരുന്നു അദ്ദേഹം. ആയുഷ്മാൻ ഭാരത്- പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനയിൽ 70 വയസിന് മുകളിൽ പ്രായമുള്ള എല്ലാവരെയും ഉൾപ്പെടുത്താൻ തീരുമാനിച്ചത് സർക്കാരിൻറെ ഇക്കാലയളവിലെ നേട്ടമാണെന്നും ശ്രീ ജെ.പി നഡ്ഡ പറഞ്ഞു.

&&&&&&&&&&&&&&&&&&

**മന്ത്രി കെ രാജൻ**

10 രാജ്യങ്ങളിലെ പ്രവാസികൾക്ക് കൂടി മൊബൈൽ ആപ്പ് ഉപയോഗിച്ച് നികുതി അടയ്ക്കാൻ കഴിയുന്ന സംവിധാനം ഉടൻ നിലവിൽ വരുമെന്ന് റവന്യു മന്ത്രി കെ രാജൻ. സംസ്ഥാനത്തെ 26 സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണോദ്ഘാടനം

തൃശ്ശൂരിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഏറ്റവും കുറഞ്ഞ സമയത്തിൽ കൂടുതൽ പട്ടയങ്ങൾ നൽകാൻ ഈ സർക്കാരിന് സാധിച്ചു. മൂന്ന് മാസത്തിനിടെ ഒരു ലക്ഷത്തി 87000-ലധികം പട്ടയങ്ങളാണ് വിതരണം ചെയ്തതെന്നും മന്ത്രി വ്യക്തമാക്കി

&&&&&&&&&&&&&&&&&&

**മഞ്ഞപ്പിത്തം**

RNU TVPM

കോഴിക്കോട് ജില്ലയിൽ വിവിധയിടങ്ങളിൽ മഞ്ഞപ്പിത്തം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് അധികൃതർ രോഗബാധിത മേഖലകളിൽ സന്ദർശനം നടത്തി. നിലവിൽ ജില്ലയിൽ 500 ലേറെ പേർക്ക് രോഗബാധ ഉണ്ടെന്നാണ് നിഗമനം. പേരാമ്പ്ര വടക്കുമ്പാട് സ്കൂളിൽ 224 ലേറെ വിദ്യാർഥികൾക്ക് മഞ്ഞപിത്ത രോഗബാധ സ്ഥിരീകരിച്ച സംഭവത്തിൽ രോഗ ഉറവിടം കണ്ടെത്താനായതായും അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## നാരായണഗുരു സമാധി

ശ്രീ നാരായണഗുരുവിൻറെ 97-ാമത് സമാധിദിനം നാളെ. വർക്കല ശിവഗിരി മഠത്തിൽ നടക്കുന്ന സമാധിദിന സമ്മേളനം മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യും. നാമജപം, ഉപവാസം, മഹാസമാധി പ്രാർത്ഥന തുടങ്ങിയ ചടങ്ങുകളും ഇതിൻറെ ഭാഗമായി നടക്കും. ശ്രീനാരായണഗുരുവിന്റെ ജന്മഗൃഹമായ ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലത്തിലെ സമാധിദിന സമ്മേളനം മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.

RNU TVPM

&&&&&&&&&&&&&&&&&&

## തിരുപ്പതി ലഡ്ഡു

തിരുപ്പതി ലഡുവിൽ മായം ചേർത്തെന്ന പരാതിയിൽ കേന്ദ്രം, ആന്ധ്രാപ്രദേശ് സർക്കാരിനോട് റിപ്പോർട്ട് തേടി. വിഷയത്തിൽ ആരോപണം ഉന്നയിച്ച ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡുവുമായി ഇക്കാര്യം സംസാരിച്ചതായി കേന്ദ്ര ആരോഗ്യമന്ത്രി

ജെ.പി.നഡ്ഡ ന്യൂഡൽഹിയിൽ പറഞ്ഞു. ലഡ്ഡുവിൽ മൃഗകൊഴുപ്പിൻറെ സാന്നിധ്യമുണ്ടെന്ന ആരോപണത്തിൽ അന്വേഷണം ഉണ്ടാകുമെന്നും കുറ്റക്കാർക്ക് ശിക്ഷ ഉറപ്പാക്കുമെന്നും കേന്ദ്ര ഭക്ഷ്യമന്ത്രി പ്രൽഹാദ് ജോഷിയും വ്യക്തമാക്കിയിരുന്നു.

&&&&&&&&&&&&&&&&&&

## തൃശ്ശൂർപൂരം-കെ.സുധാകരൻ

തൃശ്ശൂർപൂരം അലങ്കോലമാക്കിയ സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് കെപിസിസി അധ്യക്ഷൻ കെ.സുധാകരൻ. അന്വേഷണം നടക്കുന്നതായി അറിവില്ലെന്നാണ് പോലീസ് ആസ്ഥാനത്ത് നിന്ന് വിവരാവകാശ നിയമപ്രകാരം ലഭിച്ച മറുപടിയെന്നും, അന്വേഷണം നടക്കുന്നുണ്ടെന്ന് പറഞ്ഞ് സംസ്ഥാന സർക്കാർ ജനങ്ങളെ കബളിപ്പിക്കുകയായിരുന്നെന്നും അദ്ദേഹം ആരോപിച്ചു. വിഷയം ജഡ്ജിയോ റിട്ടയേർഡ് ജഡ്ജിയോ

RNU TVPM

അന്വേഷിക്കണമെന്നും, സമയ ബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കണമെന്നും കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയും ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

**വേലായുധൻ പണിക്കശ്ശേരി**

ചരിത്രകാരനും ഗ്രന്ഥകർത്താവുമായ വേലായുധൻ പണിക്കശ്ശേരി അന്തരിച്ചു. 91 വയസായിരുന്നു. കേരളത്തിലെ സാംസ്കാരിക - ചരിത്രരചന രംഗത്ത് അമൂല്യ സംഭാവനകൾ നൽകിയ വ്യക്തിയാണ് അദ്ദേഹം. .

&&&&&&&&&&&&&&&&&&

RNUTVPM

**മനുഷ്യാവകാശ കമ്മീഷൻ**

തിരുവനന്തപുരം പേരൂർക്കട മാനസികരോഗ്യകേന്ദ്രത്തിൽ സുരക്ഷ ശക്തമാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. സി.സി.റ്റി.വി ക്യാമറ നിരീക്ഷണം ഏർപ്പെടുത്തണമെന്നും രോഗികൾ ചാടി പോകുന്നത് ഒഴിവാക്കണമെന്നും കമ്മിഷൻ നിർദേശിച്ചു. കഴിഞ്ഞ ആറ് വർഷത്തിനിടെ ഇവിടെ ചികിത്സക്കായി പ്രവേശിപ്പിച്ച 691 രോഗികളെ കാണാനില്ലെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

&&&&&&&&&&&&&&&&&&

## ക്രിക്കറ്റ്

ബംഗ്ലാദേശിനെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ രണ്ടാംദിനം കളി അവസാനിച്ചപ്പോൾ ഇന്ത്യക്ക് 308 റൺസിൻറ ലീഡ്. ഒന്നാം ഇന്നിങ്സിൻറെ തുടക്കം മുതൽ ബാറ്റിങ്ങ് തകർച്ച നേരിട്ട ബംഗ്ലദേശ് 149 റൺസിന് പുറത്താവുകയായിരുന്നു. 227 റൺസിൻറെ ലീഡുമായി രണ്ടാം ഇന്നിങ്സിനിറങ്ങിയ ഇന്ത്യ ഇന്ന് കളി അവസാനിക്കുമ്പോൾ, മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 81 റൺസെന്ന നിലയിലാണ്.

RNU TVPM

&&&&&&&&&&&&&&&&&&

## സൂപ്പർ ലീഗ് കേരള

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ നാളെ തിരുവനന്തപുരം കൊമ്പൻസും കണ്ണൂർ വാരിയേഴ്സും ഏറ്റുമുട്ടും. തിരുവനന്തപുരത്തെ പാളയം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. രണ്ട് കളികളിൽ നിന്ന് നാല് പോയിൻറുമായി ഇരു ടീമും പട്ടികയിൽ രണ്ടാം സ്ഥാനത്താണ്.

&&&&&&&&&&&&&&&&&&

## ഓാഹരി+ സ്വർണം

രാജ്യത്തെ ഓാഹരി വിപണികളിൽ നേട്ടം. ബോംബൈ ഓാഹരി സൂചിക സെൻസെക്സ് 1,360 പോയിൻറ് നേട്ടത്തിൽ 84,544ലും ദേശീയ ഓാഹരി സൂചിക നിഫ്റ്റി 375 പോയിൻറ് നേട്ടത്തിൽ 25,791 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ വർദ്ധന. പവന് 480 രൂപ വർദ്ധിച്ച് 55,080 രൂപയും ഗ്രാമിന് 60 രൂപ വർദ്ധിച്ച് 6,885 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## എൽ.എൽ.ബി

2024-25 ലെ ഇൻറഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി കോഴ്സിൽ കേരളത്തിലെ നാല് സർക്കാർ ലോ കോളേജുകളിലെ മുഴുവൻ സീറ്റുകളിലേയ്ക്കും, 24 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെ 50 ശതമാനം സർക്കാർ സീറ്റുകളിലേയ്ക്കും പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെൻറ് നടപടിക്രമങ്ങൾ ആരംഭിച്ചു. ത്രിവത്സര എൽ.എൽ.ബി കോഴ്സിലെ പ്രവേശനത്തിനുള്ള നടപടിക്രമങ്ങൾക്കും സംസ്ഥാനത്ത് തുടക്കമായി. കൂടുതൽ വിവരങ്ങൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

&&&&&&&&&&&&&&&&&&

RNU TVPM

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM